(ബി) ഏതെങ്കിലും ഉദ്യോഗസ്ഥർ സർക്കാർ കക്ഷിയായുള്ള കേസിൽ സർക്കാരിനുവേണ്ടി ഫയൽ ചെയ്ത കൗണ്ടർ നിലവിലുള്ള ചട്ടങ്ങൾക്കും വസ്തുതകൾക്കും വിരുദ്ധമായിട്ടാണെന്ന് പരിശോധനയിൽ ബോദ്ധ്യമായാൽ ബഹു. കോടതിയെ സത്യസന്ധമായ വിവരങ്ങൾ അറിയിക്കാൻ എന്തു നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരും, മന്ത്രിമാരും നടത്തിയ വിശദമായ പരിശോധനയിൽ കീഴുദ്യോഗസ്ഥൻ ഫയൽ ചെയ്ത കൗണ്ടറിലെ വിവരങ്ങൾ നിലവിലുള്ള ചട്ടങ്ങൾക്കും വസ്തുതകൾക്കും എതിരാണെന്നുകണ്ടാൽ അപ്രകാരം തെറ്റായി ബഹു. ഹൈക്കോടതിയിൽ കൗണ്ടർ ഒപ്പിട്ടുനൽകിയവർക്കെതിരെ നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) സർക്കാർ കേസുകളിൽ ഉണ്ടാകുന്ന പരാജയം ഒഴിവാക്കാൻ കേസ് നടത്തിപ്പിൽ പുതിയ സംവിധാനം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈക്കോടതിയിൽ നിലവിലുള്ള വിവിധ വകുപ്പുകളുടെ ധനകാര്യവും നിയമവും ഉൾപ്പെടെ കേസുകളിൽ സ്വീകരിക്കേണ്ട നടപടികളിൽ ഉപദേശം നൽകുവാനുള്ള സംവിധാനം നിയമവകുപ്പിനുണ്ട്.

(ബി) ചട്ടങ്ങൾക്കും വസ്തുതകൾക്കും വിരുദ്ധമായി കൗണ്ടർ ഫയൽ ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അത്തരം ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കാം. കൂടാതെ ഉദ്യോഗസ്ഥർ ഫയൽ ചെയ്യുന്ന കൗണ്ടറിലെ വസ്തുതകൾ നിലവിലുള്ള ചട്ടങ്ങൾക്കും വസ്തുതകൾക്കും വിരുദ്ധമെന്നു കണ്ടാൽ അതിൻമേൽ കോടതിക്കും നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) സർക്കാർ കേസുകളിൽ കണ്ടുവരുന്ന പരാജയം ഒഴിവാക്കുന്നതിലേക്കും കേസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും കേസിന്റെ വിവരം അന്നന്ന് അറിയുന്നതിനും ഗവ. പ്ലീഡർമാർക്ക് ശരിയായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും കോർട്ട് കേസ്സസ് മോണിറ്ററിംഗ് സൊല്യൂഷൻ ഫോർ ലാ ഓഫീസസ് എന്ന ഒരു പുതിയ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കിവരുന്നു.

ഹീഗർ അസിസ്റ്റന്റുമാരുടെ നിയമനവും സീനിയോറിറ്റിയും

61 [161] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന പ്രോദ്യത്തിന് വനംവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരായി നിയമനം നൽകുന്നത് ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണെന്നും നിയമനം സംബന്ധിച്ച് എത്ര കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടെന്നും, ഏതൊക്കെ വിഭാഗത്തിൽപ്പെട്ട വരാണ് ഹർജി നൽകിയിട്ടുള്ളതെന്നും ഒ. പി. നമ്പർ സഹിതം വ്യക്തമാക്കുമോ?

ഉത്തരം

നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരായി നിയമനം നൽകുന്നത് 4 വിഭാഗത്തിൽ പെട്ടവർക്കാണ്:

കാറ്റഗറി (1) പി.എസ്.സി.-വഴി നേരിട്ടുള്ള നിയമനം.

കാറ്റഗറി (2) നിയമവകുപ്പിലെ നിയമ ബിരുദമുള്ള അസിസ്റ്റന്റ് തസ്തിക/കന്നട ട്രാൻസ്ലേറ്റർമാരിൽനിന്നുമുള്ള നിയമനം.

കാറ്റഗറി (3) സെക്രട്ടേറിയറ്റ് സർവ്വീസിലുള്ളവരിൽനിന്നുമുള്ള നിയമനം.

കാറ്റഗറി (4) മറ്റു വകുപ്പുകളിൽ നിന്നുള്ള നിയമനം.

നിയമനം സംബന്ധിച്ച് ഇപ്പോൾ 6 കേസുകൾ നിലവിലുണ്ട്. നിയമനം സംബന്ധിച്ച കേസുകളുടെ വിവരവും ഏതു വിഭാഗത്തിൽപ്പെട്ടവരാണ് ഹർജി നൽകിയിട്ടുള്ളതെന്നും ഒ. പി. നമ്പറും ചുവടെ ചേർക്കുന്നു:

ഒ. പി. നമ്പർ	*ഹർജിക്കാരന്റെ പേര്*	*വിഭാഗം*
ഒ. പി. നം. 8781/2000	കെ. ആർ. സുമൻ	(1)
ഒ. പി. നം. 31555/2000	വരദരാജൻ	(4)
ഡബ്ല്യു. പി. (സി) 35313/2003	ജനാർദ്ദനൻ	(4)
ഡബ്ല്യു. പി. (സി) 22642/2004	ആർ. സുരേഷ് ബാബു	(3)
ഡബ്ല്യു. പി. (സി) 14064/2004	ജോഷി തോമസ്	(1)

പുഴ പുറംപോക്കുഭൂമി പതിച്ചുകൊടുക്കാൻ നടപടി

62 [162] *ശ്രീ. ചെർക്കളം അബ്ദുള്ള*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴ പുറംപോക്കുഭൂമി കൈവശക്കാർക്ക് പതിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പടന്ന, തൃക്കരിപ്പൂർ, വലിയപറമ്പ്, നീലേശ്വരം പഞ്ചായത്തുകളിലെ പുഴ പുറംപോക്കുഭൂമി പതിച്ചുകൊടുക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ഭൂമി പതിവുനിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് പുഴ പുറംപോക്കുഭൂമി പതിച്ചു നൽകാൻ വ്യവസ്ഥയില്ല. കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 27-6-1997-ലെ ഒ. പി. നം. 17233/96-മതലുള്ള

LIBRARY ARCHIVES Kerala Legislative Assembly